## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2721

06-02-2018 ലെ മറുപടി

### ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വികസന പാക്കേജുകളിൽ ഉൾപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിന്റെ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (എ) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വികസന പാക്കേജുകളിൽ ഉൾപ്പടുത്തി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജലസേചന വകുപ്പിനു കീഴിൽ 18 പ്രവൃത്തികൾക്കും, കേരള ജല അതോറിറ്റിയ്ക്ക് 3 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | ഈ പ്രവൃത്തികൾക്കെല്ലാം സാങ്കേതി-കാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ജലസേചന വകുപ്പ് നടപ്പിലാക്കുന്ന 18 പ്രവൃത്തികളിൽ 10 എണ്ണത്തിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചു. 7 എണ്ണം കരാർ ഉടമ്പടി ഒപ്പുവച്ചു. ഒരു പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നു വരുന്നു. ഒരു പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.<br><br>കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന 3 പദ്ധതികളിൽ 2 പ്രവൃത്തികൾക്ക് സാങ്കേതി-കാനുമതി നൽകി പ്രവൃത്തി പുരോഗമിക്കുന്നു. ഒരു പ്രവൃത്തി - മാലോത്ത് ബളാൽ കുടിവെള്ള പദ്ധതിയുടെ ഭരണാനുമതി നൽകിയ എസ്റ്റിമേറ്റിൽ മാറ്റം അനിവാര്യമായതിനാൽ സാങ്കേതികാനുമതി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഇനി ഏതെങ്കിലും പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാനുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) & (ഡി) | ഉണ്ട്. ജലസേചന വകുപ്പിൽ സാങ്കേതികാനുമതിയ്ക്കായി ലഭിച്ച എസ്റ്റിമേറ്റുകൾ പരിശോധിച്ചപ്പോൾ ചില ന്യൂനതകൾ കണ്ടെത്തുകയും അതനുസരിച്ച് ചീഫ് എഞ്ചിനീയർ സ്ഥലം പരിശോധിക്കുകയും ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. അതിൻ പ്രകാരം ന്യൂനതകൾ പരിഹരിച്ച്, സാമ്പത്തിക പരിഗണന കൂടിയും പരിശോധിച്ച് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കേരള ജല അതോറിറ്റിയിൽ നിലവിലുള്ള മാലോം കുടിവെള്ള പദ്ധതിയിൽ കൂടുതൽ ഭാഗത്തേക്ക് വിതരണശൃംഖല സ്ഥാപിക്കാൻ വേണ്ടിയാണ് പ്രൊപ്പോസൽ സമർപ്പിച്ചതും ഭരണാനുമതി നൽകിയതും. എന്നാൽ കഴിഞ്ഞ 2 വർഷമായി പ്രസ്തുത പദ്ധതിയുടെ സ്രോതസ്സുകളിൽ വേനൽക്കാലത്ത് വിതരണം ചെയ്യാൻ ആവശ്യത്തിന് വെള്ളമുണ്ടായിരുന്നില്ല. ഇപ്പോൾ നിലവിലുള്ള ഒരു മീറ്റർ ഉയരമുള്ള തടയണ ആവശ്യത്തിന് വെള്ളം ശേഖരിക്കാൻ പ്രാപ്തമല്ല. ആയതിനാൽ സ്രോതസ്സിൽ നിന്നും വിട്ടുമാറി മുകൾഭാഗത്തായി രണ്ടര മീറ്റർ ഉയരമുള്ള തടയണയും പാർശ്വഭിത്തി സംരക്ഷണവും നിർമ്മിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വിതരണശൃംഖല മാത്രം സ്ഥാപിച്ചാൽ വിതരണത്തിന് ആവശ്യമായ വെള്ളം സ്രോതസ്സിലുണ്ടാവില്ല. അതിനാൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയിരിക്കുന്നു. അനുവദിച്ച തുകയിന്മേൽ പ്രവൃത്തി കഴിച്ച് മിച്ചം വരുന്ന തുക വിതരണശൃംഖല സ്ഥാപിക്കാൻ ഉപയോഗിക്കാവുന്ന രീതിയിലാണ് വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കി വരുന്നത്. |
| (ഡി) | ഭരണാനുമതി നൽകി ഒരു വർഷമാകാറായിട്ടും സാങ്കേതികാനുമതി വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

## ജലസേചന വകുപ്പ്

| നമ്പർ | പ്രവൃത്തി | തുക ലക്ഷത്തിൽ |
|---|---|---|
| 1 | ബെള്ളൂർ പഞ്ചായത്തിൽ മട്ടിക്കേരി പെരുവാത്തോടിനു കറുകെ പള്ളപ്പാടി പള്ളിക്ക് സമീപം വി.സി.ബി. നിർമ്മാണം | 55 |
| 2 | ബേഡഡുക്ക ഗ്രാമപഞ്ചായത്തിൽ മലങ്കാട് എന്ന സ്ഥലത്ത് വിസിബി കം ട്രാക്ടർ വേ നിർമ്മാണം | 60 |
| 3 | ബെള്ളൂർ പഞ്ചായത്തിലെ ചേരന്റടുക്കൽ വിസിബിയുടെ അറ്റകുറ്റപ്പണികൾ | 20 |
| 4 | കുമ്പഡാജെ പഞ്ചായത്തിൽ പള്ളത്തടുക്ക പുഴയ്ക്കു കുറുകെ നടുവനബയലിലെ വിസിബിയുടെ അറ്റകുറ്റപ്പണികൾ | 37 |
| 5 | കുമ്പഡാജെ പഞ്ചായത്തിൽ കുമ്പഡാജെ വിസിബിയുടെ അറ്റകുറ്റപ്പണികൾ | 20.00 |
| 6 | ബേഡഡുക്ക പഞ്ചായത്തിൽ കാവുങ്കാൽ തോടിനു കുറുകെ വിസിബി കം ട്രാക്ടർ വേ നിർമ്മാണം | 45.00 |
| 7 | കാറഡുക്ക പഞ്ചായത്തിൽ ആദൂരിൽ പയസ്വിനി പുഴയ്ക്കു കുറുകെ ചെക്ക് ഡാം നിർമ്മാണം ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി | 5.00 |
| 8 | മുളിയാർ പഞ്ചായത്തിൽ കള്ളിപ്പള്ളം ചെമ്പലകൈയ്യിൽ വിസിബി കം ട്രാക്ടർ വേയുടെ നിർമ്മാണം | 45.00 |
| 9 | ദേലംപാടി പഞ്ചായത്തിൽ കോരിക്കണ്ടം എന്ന സ്ഥലത്ത് വിസിബി നിർമ്മാണം | 45.00 |
| 10 | ചെങ്കള പഞ്ചായത്തിൽ മുണ്ടാംകുളം ടാങ്കിന്റെ അറ്റകുറ്റപ്പണികൾ | 25.00 |
| 11 | മംഗൽപ്പാടി പഞ്ചായത്തിൽ സ്വർണ്ണഗിരി തോടിനു കുറുകെയുള്ള വിസിബി കം ട്രാക്ടർ വേയുടെ പുനരുദ്ധാരണം | 99.00 |
| 12 | മീഞ്ച പഞ്ചായത്തിൽ മെഗിനയിൽ കുണ്ടടുക്ക തോടിനു കുറുകെ വിസിബി നിർമ്മാണം | 35.00 |
| 13 | ഉദുമ പഞ്ചായത്തിൽ കണ്ണംകുളത്ത് വിസിബി കം ബ്രിഡ്ജിന്റെ പുനരുദ്ധാരണം | 59.90 |
| 14 | വോർക്കാടി പഞ്ചായത്തിൽ കെഡക്കാർ കൊടലമുഗറ എന്ന സ്ഥലത്ത് വിസിബി കം ട്രാക്ടർ വേയുടെ നിർമ്മാണം | 60.00 |
| 15 | ഉദുമ ഗ്രാമപഞ്ചായത്തിൽ ബാര എന്ന സ്ഥലത്ത് വിസിബിയുടെ നിർമ്മാണം | 65.00 |

| | | |
|---|---|---|
| 16 | പള്ളിക്കര ഗ്രാമപഞ്ചായത്തിൽ ചിറക്കൽ കരിമ്പിൻചിറ എന്ന സ്ഥലത്ത് വിസിബിയുടെ പുനരുദ്ധാരണം | 80.00 |
| 17 | കുമ്പള പഞ്ചായത്തിൽ ഡിഡുമ തോടിനു കുറുകെ ഉപ്പുവെള്ള പ്രതിരോധ ക്രോസ്സ് ബാർ നിർമ്മാണം | 99.90 |
| 18 | ബേളൂർ ഗ്രാമ പഞ്ചായത്തിൽ പാണത്തൂർപ്പുഴയ്ക്ക് കുറുകെ പണാങ്കോട് ചെക്ക് ഡാം നിർമ്മാണം | 260.00 |

## കേരള വാട്ടർ അതോറിറ്റി

| | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1) | എൻമകജെ പഞ്ചായത്തിൽ എൻമകജെ കുടിവെള്ള പദ്ധതിക്ക് വേണ്ടി സ്ഥിരം തടയണ നിർമ്മാണം | 430 ലക്ഷം രൂപ | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2) | ബളാൽ പഞ്ചായത്തിൽ മാലോത്ത് ബളാൽ കുടിവെള്ള പദ്ധതിക്കുവേണ്ടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 670 ലക്ഷം രൂപ | നിലവിലുള്ള മാലോം കുടിവെള്ള പദ്ധതിയിൽ കൂടുതൽ ഭാഗത്തേക്ക് വിതരണശൃംഖല സ്ഥാപിക്കാൻ വേണ്ടിയാണ് പ്രൊപ്പോസൽ സമർപ്പിച്ചതും ഭരണാനുമതി ലഭിച്ചതും. എന്നാൽ കഴിഞ്ഞ രണ്ടു വർഷമായി പ്രസ്തുത പദ്ധതിയുടെ സ്രോതസ്സുകൾ വേനൽക്കാലത്ത് വിതരണം ചെയ്യാൻ ആവശ്യത്തിന് വെള്ളം ഉണ്ടായിരുന്നില്ല. ഇപ്പോൾ നിലവിലുള്ള ഒരു മീറ്റർ ഉയരമുള്ള സ്രോതസ്സിൽ നിന്ന് വിട്ടുമാറി മുകൾഭാഗത്തായി രണ്ടര മീറ്റർ ഉയരമുള്ള തടയണയും പാർശ്വഭിത്തി സംരക്ഷണവും നിർമ്മിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വിതരണശൃംഖല മാത്രം സ്ഥാപിച്ചാൽ വിതരണത്തിനാവശ്യമായ വെള്ളം സ്രോതസ്സിലുണ്ടാവില്ല. അതിനാലാണ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയിരിക്കുന്നത്. അനുവദിച്ച തുകയിൽ മേൽ പ്രവൃത്തി കഴിച്ച് മിച്ചം വരുന്ന തുക വിതരണശൃംഖല സ്ഥാപിക്കാൻ ഉപയോഗിക്കാവുന്ന രീതിയിലാണ് വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കി വരുന്നത്. |
| 3) | മംഗൽപാടി പഞ്ചായത്തിൽ ഉപ്പള കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 500 ലക്ഷം രൂപ | ടെണ്ടർ നടപടി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ